കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അതിയന്നൂർ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1796/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,
തീയതി: 25-08-2017

Phone No: 0471-2331231
Email:lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

അതിയന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അതിയന്നൂർ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉ. പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,
4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1796/2017 തീയതി: 25.08.2017

## തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചയത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-10-2016 മുതൽ 07-07-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ.ജമാലുദീൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-07-2017മുതൽ 31-07-2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സിന്ധു.പി.എസ്,ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ആശ.ജെ.ആർ,സീ.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ശിവനാഥൻ. എ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | 1. ശ്രീമതി.എസ്. കോമളം | 01-04-2016മുതൽ 7-07-2016 വരെ |
| | 2. ശ്രീമതി. ബീന.റ്റി. | 01-08-2016മുതൽ31-03-2017വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. എസ്.എസ്.ഗിരി | 01-04-2016മുതൽ 31-03-2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ഐറിൻ | 01-04-2016മുതൽ31-3-2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | ശ്രീ. പ്രവീൺ | 01-04-2016മുതൽ 31-03-17വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | 1.ശ്രീ.രാജ്കുമാർ | 01-04-2016മുതൽ 31-10-16 വരെ |
| | 2.ശ്രീമതി.അനശ്രീ | 01-11-2016മുതൽ31-03-17വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലേഖ.വി.എസ് | 01-04-2016മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 1.ഡോ. ശിവകുമാർ | 01-04-2016മുതൽ 30-06-16വരെ |
| | 2.ഡോ. അജിത.വൈ.എ | 01-07-2016മുതൽ31-03-17വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1. ഡോ. ശാലിനി | 01-04-2016മുതൽ 30-06-16വരെ |
| | 2. ഡോ. നജ | 01-07-2016മുതൽ 8-1-17വരെ |
| | 3. ഡോ. അജിത് | 09-01-2017മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ശ്രീദേവി | 01-04-2016മുതൽ 31-03-17വരെ |

| | | |
|---|---|---|
| (ഹോമിയോ) | | |
| ഹെഡ്മാസ്റ്റർ | ശ്രീമതി. രാഥാമണി | 01-04-2016മുതൽ 31-03-17വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സന്ധ്യ ആർ.നായർ | 01-04-2016മുതൽ 31-03-17വരെ |
| വെറ്റിനറി സർജൻ | ഡോ. മായാ ബാലകൃഷ്ണൻ | 01-04-2016മുതൽ 31-03-17വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |

| | | | |
|---|---|---|---|
| 12 | ഡി&ഒ- മതിയായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് അനുവദിക്കുന്നു. | 2-1 | |
| 13 | വസ്തുനികുതി - കുടിശ്ശിക 4200155/- രൂപ | 2-2 | |
| 14 | ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-3 | |
| 15 | പരസ്യനികുതി ഈടാക്കുന്നില്ല | 2-4 | |
| 16 | തൊഴിൽ നികുതി- അപാകതകൾ | 2-5 | |
| | ഭാഗം 3 | | |
| 17 | ഗുണഭോക്തൃസമിതി മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ - പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ മുഴുവൻ പാലിച്ചിട്ടില്ല. | 3-1 | |
| 18 | പൊതുമരാമത്ത് പ്രവൃത്തികൾ - അംഗീകാരം ലഭിച്ച 112 പദ്ധതികളിൽ 25പദ്ധതികൾ നടപ്പിലാക്കിയില്ല | 3-2 | |
| 19 | (എ)അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-3 | |
| 20 | പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല | 3-4 | |
| 21 | നിർഭയ - ജാഗ്രതാ സമിതി പ്രവർത്തന അവലോകനം | 3-5 | |

| | | | |
|---|---|---|---|
| 22 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-6 | |
| 23 | വസ്തു വാങ്ങൽ, ഭവനനിർമ്മാണം - ധനസഹായം നൽകിയില്ല | 3-7 | |
| 24 | കാർഷികമേഖലക്ക് അർഹിക്കുന്ന പ്രാധാന്യം നൽകിയില്ല | 3-8 | |
| 25 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല- 1643061/-രൂപ തടസ്സപ്പെടുത്തുന്നു | 3-9 | |
| 26 | പാലിയേറ്റീവ് പരിചരണം (സെക്കന്ററി ലെവൽ) ജില്ലാ പഞ്ചായത്ത് വിഹിതം-കൈപ്പറ്റ് രസീത്/യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. | 3-10 | |
| 27 | മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-11 | |
| | ഭാഗം 4 | | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് സംബന്ധമായ വിവരം ചുവടെ കൊടുക്കുന്നു.

| | വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| ബജറ്റ് പ്രകാരം | 240523740 | 239458450 | 1065290 |
| റസീപ്റ്റ് & പേമെന്റ് പ്രകാരം | 70434976 | 57459956 | 12975020 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവു തുകകൾ യഥാർത്ഥ വരവു ചെലവു തുകകളേക്കാൾ വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നു. ഭാവിയിൽ യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31/07/2017 | 25-07-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 25-07-2017 | - |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് - എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവയുടെ പകർപ്പ് ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു).

## 1- 4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 10531881.00 |
| വരവ് | | 59903095.00 |
| ആകെ | | 70434976.00 |
| ചെലവ് | | 57459956.00 |
| നീക്കിയിരിപ്പ് | | 12975020.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 12626289 | 12626289 | 12629289 | 0 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4335142 | 4335142 | 4335142 | 0 | |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | - | - | - | 0 | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9846538 | 9846538 | 9846538 | 0 | |
| സംര. ഗ്രാന്റ് (നോൺറോഡ്) | 0 | 3516435 | 3516435 | 3516435 | 0 | |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5549536 | 5549536 | 5549536 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4022763 | 4022763 | 4022763 | 0 | |
| എം.എൻ.ആർ. ഇ. ജി.എസ്. | 9159 | Allo-180875 Efms-44388000 | 2041545 44388000 | 2001492 44388000 | 40053 | UC-Check A/P.C/Bk-1320/- Cb-40533 |
| ബി ഫണ്ട് | 0 | 45385108 | 45385108 | 45385108 | 0 | |
| ഐ.സി.ഡി.എസ് | 220132.29 | 1088570 | 1308702 | 686900 | 621802.29 | |
| സാക്ഷരത | 10432 | 92202 | 102634 | 93989 | 8645 | |
| ടോട്ടൽ സാനിട്ടേഷൻ | - | 459000 | 459000 | - | 459000 | |
| എസ്.എസ്.എ | 62000 | - | 62000 | - | 62000 | |
| തനത് ഫണ്ട് | 10185358 | 27208995 | 37394353 | 25227372 | 12166981 | |

## 1-5(à´) വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. B-4ഷെഡ്യൂളിലെ ഗുണഭോക്തൃ വിഹിതമിനത്തിൽ നീക്കിയിരിപ്പായി 23207/-രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് യഥാർത്ഥത്തിൽ ചെലവ് ചെയ്ത തുകയാണ്.
2. സ്ഥാപന തൊഴിൽ നികുതിയിനത്തിൽ തൻവർഷം 1250/-രൂപ പിരിഞ്ഞ് കിട്ടാൻ

   ശേഷിക്കുന്നു. എന്നാൽ ആയത് B-15ഷെഡ്യൂളിൽ ചേർത്തിട്ടില്ല.
3. 2015-16ലെ B-15 ഷെഡ്യൂളിൽ ചേർത്തിട്ടില്ലാത്ത തൊഴിൽ നികുതി, D&Oലൈസൻസ് ഫീസ്

എന്നിവ തൻവർഷത്തെ RP-43ൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്.

4. RP-36പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 103961/-വരവും 76616/-ചെലവുമുണ്ട്. എന്നാൽ B-9ൽ അടവാക്കാൻ ശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത് 97953/- രൂപയെന്നാണ്.
5. പാസ്സ് ബുക്കുകൾ പ്രകാരമുള്ള വരവുകൾ ചുവടെപ്പറയുന്നവയിൽ I(6) -ൽ രേഖപ്പെടുത്തിയിട്ടുള്ള തുകയല്ല.

| ക്രമ നം. | വിഭാഗം | പാസ്സ് ബുക്ക് പ്രകാരം | I(6) പ്രകാരം |
|---|---|---|---|
| 1 | സാക്ഷരത | 92202 | 93989 (ചെലവ് തുകയാണ് വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. |
| 2 | ഐ.സി.ഡി.എസ്. | 1088570 | 798712 |

6. M.G.N.R.E.G.S അക്കൗണ്ടിൽ 2014-15സാമ്പത്തിക വർഷത്തിൽ നൽകിയ 3ചെക്കുകൾ (1. ചെ.നം. 45406/16-08-14 -240/-രൂപ, 2. ചെ.നം. 45375/28-08-14- 220/- രൂപ, ചെ.നം. 43879/11-09-2014- 380/-രൂപ ) പണമാകാതെ ശേഷിക്കുന്നതായിക്കാണുന്നു. എന്നാലിവ Liability in respect of stale cheque എന്ന ശീർഷകത്തിൽ രസീത് ചെയ്തിട്ടില്ല. എന്നാൽ Cash Book-ൽ മേൽ തുകകളെ സംബന്ധിച്ച് യാതൊരു പരാമർശവുമില്ല.
7. Income and Expenditure Statement - ലെ Deficit / Surplus– നോട് മുൻവർഷം വരെയുള്ള Surplus / Deficit കൂട്ടിക്കിട്ടുന്ന തുകയല്ല ബാലൻസ് ഷീറ്റിലെ B-1ഷെഡ്യൂളിലെ Excess of Income Over Expenditure കാണിച്ചിട്ടുള്ളത്.
8. B Fund - ലെ വരവ് ചെലവ് തുകകൾ (വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്) യഥാർഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ഫണ്ടിനം | ചെലവ് വിവരം | |
|---|---|---|
| | A.F.S.പ്രകാരം | രേഖകൾ പ്രകാരം |
| വാർധക്യകാല പെൻഷൻ | 5770150 | 21404775 |

| | | |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 2214350 | 8069380 |
| വിധവാപെൻഷൻ | 2646600 | 10779330 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 159000 | 660710 |
| വികലാംഗ പെൻഷൻ | 781610 | 3351615 |

8. B-5 ഷെഡ്യൂളിൽ Secured Loans എന്ന ശീർഷകത്തിൽ 3980925/-രൂപ അടവാക്കാൻ ശേഷിക്കുന്നതായി കാണിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട രജിസ്റ്ററുകൾ പ്രകാരം 17,36,998/-രൂപയാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 64564074 | 125 | 41016440 | 37 | 21 | 68 |

പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ 183പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ആകെ 125പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ അംഗീകാരം ലഭ്യമാക്കിയശേഷം പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിനാൽ ഭാവിയിൽ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതിലക്ഷ്യം കൈവരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 1725070 | 1858340 | 133270 | 8 |
| കെട്ടിട നികുതി | 1543826 | 2013214 | 469388 | 30.4% |
| വിനോദ നികുതി | - | - | - | |
| പരസ്യ നികുതി | - | - | - | |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 837000 | 1005000 | 168000 | 20.07 |
| ഷോപ്പിംഗ് കോംപ്ളക്സ് വാടക | 220082 | 284321 | 64239 | 29 |
| ഡി & ഒ ലൈസൻസ് | 41340 | 63800 | 22460 | 54 |
| മറ്റുവരവുകൾ | 517426 | 697341 | 179915 | 34 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 892440 | 543 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8069380 | 909 |
| വിധവാപെൻഷൻ | 10779330 | 1060 |
| വാർദ്ധക്യകാലപെൻഷൻ | 21404775 | 7523 |
| വികലാംഗപെൻഷൻ | 3351615 | 1353 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 210000 | 7 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 660710 | 258 |
| ആകെ | 45368250 | |

## 1- 9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-07-2017 രാവിലെ 11 AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4537/-രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപനനികുതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ കാലികമായി തയ്യാറാക്കി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതിയീടാക്കുമ്പോൾ ആകെ അർധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതിയീടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മുഴുവൻ മൊബൈൽ ടവറുകളിൽ നിന്നും കുടിശ്ശികയില്ലാതെ വസ്തുനികുതി പിരിച്ചെടുക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള

പരസ്യബോർഡുകളിൽ നിന്ന് ചട്ടപ്രകാരമുള്ള പരസ്യനികുതി ഈടാക്കുവാൻ ബൈലാ നിർമ്മിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കേണ്ടതാണ്. അംഗനവാടികളുടെ ഭൌതിക സാഹചര്യം വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കാർഷികമേഖലക്ക് മതിയായ പ്രാധാന്യം നൽകേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ്പദ്ധതിയിൽപ്പെടുന്നവർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-12-2016 | 01-10-2016മുതൽ 30-11-2016വരെ | 13-01-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-05-2016 മുതൽ 26-05-2016 വരെ | 2011-12മുതൽ 2015-16 വരെ | 14-07-2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ- മതിയായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് അനുവദിക്കുന്നു.

ഡി. ആന്റ് ഒ. ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ആരോഗ്യവകുപ്പിൽനിന്നുള്ള സാനിറ്ററി സർട്ടിഫിക്കറ്റ്, ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കുന്ന/വിൽപന നടത്തുന്ന/ സംഭരിക്കുന്ന വ്യാപാരസ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഹെൽത്ത് കാർഡ് (ആവശ്യമായവയ്ക്ക്), ജി.ഒ(ആർ.ടി) 795/2007/ത.സ്വ.ഭ.വ തീയതി 16.03.2007 ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം

ഹാജരാക്കാത്ത കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടായിരിക്കാൻ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി - കുടിശ്ശിക 42,00,155/- രൂപ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203പ്രകാരം ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾക്ക് നിർണയിക്കുന്ന വസ്തുനികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയനുസരിച്ച് 2016-17സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ ആകെ 42,00,155/-രൂപ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുണ്ട്. ഫലപ്രദമായ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ തനതു വരുമാനമായ വസ്തുനികുതി പിരിച്ചെടുക്കേണ്ടതാണ്.

## 2-3 ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1998 ലെ കേരള പഞ്ചായത്ത് രാജ് (റിക്കോർഡ് സൂക്ഷിപ്പും നൽകലും) ചട്ടങ്ങളിലെ മൂന്നാം ചട്ട പ്രകാരം സൂക്ഷിക്കേണ്ട പഞ്ചായത്ത് പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ ഗ്രാമ പഞ്ചായത്ത് എഴുതി സൂക്ഷിക്കുന്നില്ല. അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തെ ഡി &ഒ ലൈസൻസിനായി കച്ചവടക്കാർ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ഡി &ഒ ലൈസൻസ് രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്. ട്രേഡേഴ്സ് രജിസ്റ്ററും ലൈസൻസ് രജിസ്റ്ററും പൊരുത്തപ്പെടും വിധം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും പഞ്ചായത്ത് പരിധിയിലെ മുഴുവൻ കച്ചവടസ്ഥാപനങ്ങളും പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് വാങ്ങിയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

ട്രേഡേഴ്സ് രജിസ്റ്റർ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം. 3-ന് ട്രേഡേഴ്സ് ലിസ്റ്റ് എടുക്കുന്നതിന് ബന്ധപ്പെട്ട വാർഡുതല ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 2-4 പരസ്യനികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് പരസ്യനികുതി ഈടാക്കുന്നില്ല. പഞ്ചായത്തിന്റെ തനതു വരുമാനമായ പരസ്യനികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ഭരണതലത്തിൽ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.ഈ വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം10 തിയതി-28.07.2017) പരസ്യനികുതി ഈടാക്കുന്നതിന് ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കാൻ അടുത്ത മീറ്റിംഗിൽ വിഷയം പരിഗണനയ്ക്കുവയ്ക്കുന്നതാണെന്ന് മറുപടി നൽകി.

## 2-5 തൊഴിൽ നികുതി- അപാകതകൾ

(എ) രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)

പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികകളെ അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത് രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതിയും സ്ഥാപനനികുതിയും ഈടാക്കിയിട്ടുള്ളത്. കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനനികുതിയും ഈടാക്കിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ ഓഡിറ്റിനായിട്ടില്ല. ആയതിനാൽ 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 5 മാതൃകയിൽ രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(ബി) <u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല-നഷ്ടം1250/- രൂപ</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കേണ്ടതാണ്. 2016-17സാമ്പത്തിക വർഷത്തെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി അടച്ചതിൽ കുടിശ്ശികയുണ്ട് (രജിസ്റ്ററിലെ സംക്ഷിപ്തം അനുസരിച്ച് കുടിശികയില്ല).വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് / കാലയളവ് | ഈടാക്കേണ്ട തുക(രൂപ) | ഈടാക്കിയത്(രൂപ) | കുടിശ്ശിക (രൂപ) |
|---|---|---|---|---|
| 1 | മുത്തൂറ്റ് മൈക്രോഫിനാൻസ് കോർ.ലിമിറ്റഡ്,നെല്ലിമൂട് (1-ാം അർദ്ധവർഷം) | 1250/- | ഈടാക്കിയില്ല | 1250/- |
| 2 | SBI,നെല്ലിമൂട് ( 2-ാം അർദ്ധവർഷം) | 1250/- | 1250/- (RptNo 117010400001 dtd 25.7.17) | ഓഡിറ്റ് കാലത്ത് ഈടാക്കി അറിയിച്ചു |
| 3 | SBI, കോട്ടുകാൽ (2-ാം അർദ്ധവർഷം) | 1250/- | 1250/- (RptNo 117010400002 dtd 25.7.17) | ഓഡിറ്റ് കാലത്ത് ഈടാക്കി അറിയിച്ചു |

ഓഡിറ്റ് എൻക്വയറി (നം 4/25.07.2017)നൽകിയതിന്റെ ഫലമായി 2500/- രൂപ മേൽ പട്ടികയിലെ ക്രമനമ്പർ 2,3എന്നിവയിൽ നിന്നീടാക്കി വിവരം അറിയിച്ചിട്ടുണ്ട്.ബാക്കി തുക

പിഴപ്പലിശയുൾപ്പെടെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.പ്രസ്തുത തുക രണ്ട് മാസത്തിനുള്ളിൽ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കാത്തപക്ഷം നഷ്ടതുക ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയായി നിലനിൽക്കുന്നതായിരിക്കും.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃസമിതി മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ - പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ മുഴുവൻ പാലിച്ചിട്ടില്ല.

ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിച്ചിട്ടുള്ള പൊതുമരാമത്ത് ജോലികൾക്ക് 13-11-2014ലെ 1/1559/2010/സി.ഇ/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല. ഏതാനും ചില വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

1. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.സമിതി യോഗം ചേർന്ന് അംഗങ്ങളേയും കൺവീനർ ചെയർമാൻ എന്നിവരേയും തെരെഞ്ഞെടുത്ത് ചുമതല ഏല്പിക്കുന്നതുവരെയുള്ള വിവരങ്ങൾ മാത്രമാണ് മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.
2. വർക്കുമായി ബന്ധപ്പെട്ട പണമിടപാടുകൾക്കായി കൺവീനർ ചെയർമാൻ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൌണ്ട് ആരംഭിച്ചിട്ടില്ല.
3. വരവ് ചെലവ് കണക്ക് പുസ്തകം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
4. പ്രവൃത്തി നിർവ്വഹണത്തിൽ ഓരോ ദിവസവും നടക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ

   രേഖപ്പെടുത്തുന്നതിന് കൺവീനർ സൂക്ഷിക്കേണ്ട ദൈനംദിന ഡയറിബുക്ക് സൂക്ഷിച്ചിട്ടില്ല.
5. പണി പൂർത്തിയാകുന്നതുവരെ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് വൗച്ചറുകൾ പാസ്സാക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ഭാവി നടപടികൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും ചെയ്തിട്ടില്ല.
6. മസ്റ്റർ റോളുകളിൽ പ്രവൃത്തികളുടേയും തൊഴിലാളികളുടേയും വിവരങ്ങൾ, പ്രവൃത്തിയുടെ പേര്, വാർഡ് നമ്പർ , പ്രവൃത്തി നടന്ന തിയതി, വേതനം തുടങ്ങിയവ കൃത്യമായി രേഖപ്പെടുത്തണമെന്നും, ഒരാഴ്ചത്തേക്ക് ഒന്ന് എന്ന കണക്കിൽ മസ്റ്റർ റോൾ സൂക്ഷിക്കണമെന്നും വ്യവസ്ഥയുണ്ട്. ആയത് പൂർണമായും പാലിച്ചിട്ടില്ല.

ഭാവിയിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും വ്യവസ്ഥകളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-2 പൊതുമരാമത്ത് പ്രവൃത്തികൾ - അംഗീകാരം ലഭിച്ച 112 പദ്ധതികളിൽ 25പദ്ധതികൾ നടപ്പിലാക്കിയില്ല

2016-17സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്പിൽ-ഓവർ ഉൾപ്പെടെ 112പ്രവൃത്തികൾക്കാണ് ഭരണസമിതി തീരുമാനപ്രകാരം ജില്ലാ പ്ളാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിച്ചത്. എന്നാൽ ആകെ 87പദ്ധതികൾ മാത്രമാണ് പ്രസ്തുത സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയത്. പശ്ചാത്തല മേഖലയുടെ വികസനം എന്നതിലുപരി പഞ്ചായത്തിന്റെ ആസ്തി സൃഷ്ടിക്കലുമായി ബന്ധപ്പെട്ട ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയശേഷം നടപ്പിലാക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭാവിയിൽ പഞ്ചായത്തിന്റെ വികസനത്തിന് ഭംഗം വരാത്തവിധത്തിലുള്ള ഒരു വികസനനയം രൂപീകരിക്കുവാനും അതിലൂടെ മെച്ചപ്പെട്ടതും ആസ്തി സൃഷ്ടിക്കുന്നതും പൊതുജനോപകാരപ്രദവുമായ പദ്ധതികൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുവാനും ഭരണതലത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-3 (à´) അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

അംഗനവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും പരിശോധന നടത്തി ലഭിക്കുന്ന ലാബ് റിപ്പോർട്ടിൽ ന്യൂട്രിമിക്സിന് ഗുണനിലവാരമില്ലെങ്കിൽ ആയതു വാങ്ങിയതിനുള്ള വില ന്യൂട്രിമിക്സ് നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ലെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010-ലെ ഐ.സി.ഡി.എസ്/ബി-3/312 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് തനിമ ആന്റ് വിന്നർ ന്യൂട്രിമിക്സ്, വെങ്ങാനൂർ, തിരുവനന്തപുരം എന്ന കുടുംബശ്രീ സ്ഥാപനത്തിൽ നിന്ന് അംഗനവാടി കുട്ടികൾക്ക് ന്യൂട്രിമിക്സ് വാങ്ങുന്നത്. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ബി) വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കേണ്ട പദ്ധതികൾ തയ്യാറാക്കാൻ ശ്രദ്ധ നൽകണം

ഗ്രാമപഞ്ചായത്തിന് കീഴിലെ 28അംഗനവാടികളിൽ 5 അംഗനവാടികൾ വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുവാനും അവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | അംഗനവാടി നമ്പരും സ്ഥലവും | വാർഡ്, വാർഡ് നം. |
|---|---|---|
| 1 | നം. 1, മണത്തോട്ടം, രാമപുരം | 1, രാമപുരം |
| 2 | നം.20, ചെട്ടിവിളാകം, രാമപുരം | 17, താന്നിമൂട് |

| | | |
|---|---|---|
| 3 | നം.25, തിനവിളക്കുഴി, അവണാകുഴി | 15, മരുതംകോട് |
| 4 | നം.26, അഴകറത്തല, വഴിമുക്ക് | 1, രാമപുരം |
| 5 | നം.27, ഭാസ്കർ നഗർ | 9, ഭാസ്കർ നഗർ |

## 3-4 പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല

അംഗനവാടികളുടെ പേഷകാഹാര വിതരണത്തിന് ചെലവഴിക്കുന്ന തുകയിൽ നിബന്ധനകൾക്ക് വിധേയമായി കേന്ദ്രഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന 50ശതമാനം തുക പ്രത്യേക അക്കൌണ്ടിലാണ് സൂക്ഷിക്കേണ്ടത്. 2016-17 സാമ്പത്തികവർഷം കേന്ദ്രവിഹിതമായി ആകെ 1,38,60,77/-രൂപ ലഭിച്ചതിൽ 9,27,976/-രൂപ ചെലവ് ചെയ്തു.എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ സൂക്ഷിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിൽ തനതുവരുമാനത്തോടൊപ്പമാണ് സൂക്ഷിച്ചുവരുന്നത്. ജി.ഒ (പി) 177/2006/ധനം, 11-3 തിയതി.12-04-2006 പ്രകാരം കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുവാൻ അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്. 2016-17 സാമ്പത്തിക വർഷം ലഭിച്ച കേന്ദ്രവിഹിതം സംബന്ധിച്ച വിവരമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | രസീത് നം, തിയതി | ലഭിച്ച കേന്ദ്ര വിഹിതം |
|---|---|---|
| 1 | 11605900028, തിയതി. 14-11-16 | 124575 |
| 2 | 11605900029, തിയതി. 14-11-16 | 70500 |
| 3 | 11605900039, തിയതി. 27.02.17 | 47662 |
| 4 | 11605900040,തിയതി. 27-02-2017 | 152245 |
| 5 | 11605900045,തിയതി. 23-03-2017 | 60825 |
| 6 | 11605900047, തിയതി.23-03-2017 | 43390 |
| | ആകെ | 499197 |

കേന്ദ്രവിഹിതമായി ലഭിച്ച 4,99,197/-രൂപ 2016-17സാമ്പത്തിക വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ ബന്ധപ്പെട്ട പദ്ധതികൾക്കായി ചെലവ് ചെയ്തിട്ടുണ്ട്.

## 3-5 നിർഭയ - ജാഗ്രതാ സമിതി പ്രവർത്തന അവലോകനം

സ.ഉ.(കൈയ്യെഴുത്ത്) 31/2007/ത.സ്വ.ഭ.വ. പ്രകാരം പഞ്ചായത്ത് മേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും കുടുംബ-സാമൂഹ്യ പ്രശ്നങ്ങൾ കണ്ടെത്തി അവക്ക് ശാശ്വത പരിഹാരം കാണുവാനും ഇവരുടെ സാമൂഹ്യസുരക്ഷ ഉറപ്പ് വരുത്തുവാനും പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതി പ്രവർത്തിച്ച് വരുന്നു. ഇതിന്റെ സുഗമമായ പ്രവർത്തനത്തിനായി 2016-17സാമ്പത്തികവർഷം 300/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിലൊരു സമിതി പൊതുജനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി യാതൊരറിയിപ്പും പഞ്ചായത്ത് പരിസരത്ത് പ്രദർശിപ്പിച്ചിട്ടില്ല. പ്രസ്തുത സമിതിയുടെ പ്രാധാന്യം, പ്രവർത്തനം, നൽകുന്ന സേവനം എന്നിവ പൊതുജന ശ്രദ്ധയിൽ കൊണ്ടുവന്ന് ജനകീയമാക്കിയാൽ ഗ്രാമപഞ്ചായത്ത് മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുവാൻ സമിതിക്ക് കഴിയുന്നതാണ്. ആയതിനാൽ ഇത്തരത്തിലൊരു സമിതി പൊതുജനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നതായി കാണിച്ചുകൊണ്ടുള്ള പരസ്യബോർഡ് പഞ്ചായത്ത് കാര്യാലയത്തിന് മുന്നിൽ സ്ഥാപിക്കുവാനും സമിതിയുടെ സേവനം ലഭ്യമാകുന്ന ദിവസം, സമയം എന്നീ വിവരങ്ങൾ പ്രസ്തുത അറിയിപ്പ് ബോർഡിൽ ഉൾപ്പെടുത്തുവാനും ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ നിലവിൽ ജലം ലഭ്യമാകുന്നതും അല്ലാത്തതുമായ പൊതു ടാപ്പുകളെ കണ്ടെത്തി പ്രവർത്തനക്ഷമമായ വാട്ടർടാപ്പുകൾക്ക് മാത്രം വെള്ളക്കരം നിശ്ചയിക്കുവാൻ ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രതിമാസം ടാപ്പൊന്നിന് 437.50രൂപാ പ്രകാരം (ടാപ്പൊന്നിന് പ്രതിവർഷം 5250/-രൂപ) 263പൊതു ടാപ്പുകൾക്ക് വെള്ളക്കരം അടച്ചു വരുന്നു. ഓഡിറ്റിന് ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ സംയുക്തപരിശോധന സംബന്ധിച്ച് 23-02-2015, 05-01-2016, 21-12-2015 തിയതികളിലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം സംയുക്ത പരിശോധനക്ക് വാട്ടർ അതോറിട്ടിക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ വാട്ടർ അതോറിട്ടിയിൽ നിന്ന് യാതൊരു നടപടിയും ഉണ്ടായിട്ടില്ലായെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. ആയതിനാൽ വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള കുടിവെള്ള ടാപ്പുകളെ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ജലം ലഭ്യമല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നതിലൂടെ പഞ്ചായത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്താതെ ഭരണതലത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 വസ്തു വാങ്ങൽ, ഭവനനിർമ്മാണം - ധനസഹായം നൽകിയില്ല

2016-17സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി 11പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. ഭവനപുനരുദ്ധാരണം, ഐ.എ.വൈ. ധനസഹായം, കിണർ പുനരുദ്ധാരണം എന്നിവയാണ് വി.ഇ.ഒ.നിർവ്വഹിച്ച പദ്ധതികൾ. എന്നാൽ പ്രസ്തുത സാമ്പത്തികവർഷം പട്ടികജാതി/വർഗ്ഗത്തിൽപ്പെടുന്നവരുൾപ്പെടെയുള്ള പഞ്ചായത്ത് പരിധിയിലെ പിന്നാക്കം നിൽക്കുന്ന ദുർബലരും ഭവനരഹിതരുമായ വിഭാഗങ്ങളെ കണ്ടെത്തി അവർക്ക് വസ്തു വാങ്ങുവാനും ഭവനനിർമ്മാണം നടത്തുവാനും ധനസഹായം നൽകുവാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഭവനരഹിതരായ നിരവധിയാളുകളെ ഉൾക്കൊള്ളുന്ന

ഗ്രാമപഞ്ചായത്തായതിനാൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സ്വന്തമായി ഭവനമില്ലാത്തവർക്ക് മണ്ണുംവീടും പദ്ധതിപ്രകാരം വസ്തുവും വീടും ലഭ്യമാക്കുവാനുള്ള പദ്ധതികൾക്കും അർഹിക്കുന്ന പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 3-8 കാർഷികമേഖലക്ക് അർഹിക്കുന്ന പ്രാധാന്യം നൽകിയില്ല

2016-17സാമ്പത്തിക വർഷം ഭക്ഷ്യവിളകളുടെ വിളവിസ്തൃതി വർദ്ധിപ്പിച്ചും ഉല്പാദന ക്ഷമത വർദ്ധിപ്പിച്ചും ഉല്പാദന വർദ്ധനവ് സാധ്യമാക്കുന്ന യാതൊരു പദ്ധതികളും കാർഷിക മേഖലയിൽ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടില്ല. കാർഷിക മൃഗപരിപാലന മേഖലയിൽ പ്രവൃത്തിയെടുക്കുന്ന നിരവധിയാളുകൾ പഞ്ചായത്ത് മേഖലയിലുണ്ട്. എന്നാൽ ഈ വസ്തുതകൾ പരിഗണിക്കാതെ കാർഷികമേഖലയ്ക്ക് മറ്റ് പദ്ധതികൾക്ക് ചെലവഴിച്ചതിനെ അപേക്ഷിച്ച് കേവലം നാമമാത്രമായ തുകയാണ് ചെലവ് ചെയ്തിട്ടുള്ളത്. സമഗ്ര നെൽകൃഷി വികസനം, മട്ടുപ്പാവിൽ പച്ചക്കറികൃഷി, കർഷക ഗ്രൂപ്പുകൾക്ക് സസ്യസംരക്ഷണ ഉപകരണങ്ങൾ നൽകൽ തുടങ്ങിയവക്ക് യാതൊരു പരിഗണനയും അധികൃതർ നൽകിയിട്ടില്ല. ആയതിനാൻ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഉൽപാദനമേഖലയായ കാർഷിക മേഖലയുടെ സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യമാക്കി പദ്ധതികൾ ആസൂത്രണം ചെയ്യുവാനും അതിലൂടെ കർഷകരുടെ ക്ഷേമവും കാർഷികമേഖലയുടെ സ്വയം പര്യാപ്തതയും ഉറപ്പ് വരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-9 യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല- 1643061/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : SO 89/17

പ്രോജക്ടിന്റെ പേര് : വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി സ്ഥാപിക്കലും(ജനറൽ)

അടങ്കൽ : 1650000(വികസന ഫണ്ട്, ധനകാര്യ കമ്മിഷൻ അവാർഡ്)

ചെലവ് : 1643061( വിവിധ ബില്ലുകൾ.15എണ്ണം).

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി സ്ഥാപിക്കലും എന്ന പ്രോജക്ടിനായി ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി. കാഞ്ഞിരംകുളം | വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 3,09,678/- | ലഭ്യമല്ല. | ലഭ്യമല്ല. |
| 2 | കെ.എസ്.ഇ.ബി. | വാർഡുകളിൽ | 13,33,383/- | ലഭ്യമല്ല. | ലഭ്യമല്ല. |

| | | | | | |
|---|---|---|---|---|---|
| | കമുകിൻകോട് | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷനം പോസ്റ്റ് മാറ്റി സ്ഥാപിക്കലും | | | |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.യ്ക്ക് തുക (16,43,061/- രൂപ) നൽകിയെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ച വിവരം/യൂട്ടീലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക 16,43,061/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8 തിയതി 27.7.2017) യൂട്ടീലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-10 പാലിയേറ്റീവ് പരിചരണം (സെക്കന്ററി ലെവൽ) ജില്ലാ പഞ്ചായത്ത് വിഹിതം-കൈപ്പറ്റ് രസീത്/യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല

വികസന ഫണ്ടിലെ ഒരു ലക്ഷം രൂപ പാലിയേറ്റീവ് പരിചരണം (സെക്കന്ററി ലെവൽ) എന്ന പ്രോജക്ടിന്റെ (SO0137/17) ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ കൈപ്പറ്റ് രസീത്/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-11 മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ അപാകതകൾ

1). പ്രോജക്ട് നം. - SO 023/16-17

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് പരിചരണം

അടങ്കൽ - 7,75,950/- (വികസന ഫണ്ട്)

ചെലവ് - 7,56,850/- (വിവിധ ബില്ലുകൾ നാലെണ്ണം)

മേൽ പ്രോജക്ട് പ്രകാരം പാലിയേറ്റീവ് രോഗീപരിചരണത്തിന്റെ ഭാഗമായി വിവധ മെഡിക്കൽ ഓഫീസർമാർ കിടരോഗികളെ വീട്ടിൽ ചെന്ന് പരിശോധിച്ച് ചികിത്സ നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ വേതനമായി 3000/-രൂപ ഡോക്ടർമാർക്ക് നൽകിയിട്ടുണ്ട്. (ബിൽ നം.5/16-17, ബിൽ നം.3/16-17). പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ വേതനം കൈപ്പറ്റുന്ന ഡോക്ടർമാർ അവരുടെ ജോലിയുടെ ഭാഗമായി ചെയ്യുന്ന പാലിയേറ്റിവ് പ്രവർത്തനങ്ങൾക്ക് അധിക വേതനം കൈപ്പറ്റുന്നത് അനുവദനീയമല്ല. ഈ ഇനത്തിൽ നൽകിയിട്ടുള്ള 3000/-രൂപ കൈപ്പറ്റിയവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ തുക മെഡിക്കൽ ഓഫീസറുടെ ബാധ്യതയായിരിക്കുന്നതാണ്.

2). പാലിയേറ്റീവ് കെയറിന്റെ സുഗമമായ നടത്തിപ്പിനായി പാലിയേറ്റിവ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നില്ല. ഹോം കെയർ ടീമിന്റെ ആവശ്യത്തിലേയ്ക്കായി ഓടുന്ന വാഹനത്തിന്റെ ഡ്രൈവറെ നിയമിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ,

പി.എം.സി. തീരുമാനങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പി.എം.സി. മീറ്റിംഗ് പ്രതിമാസ അവലോകന യോഗങ്ങൾ എന്നിവ സംഘടിപ്പിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയ തിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി. കാഞ്ഞിരംകുളം | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | - | 369228 (309678) | ലഭ്യമല്ല | ലഭ്യമല്ല, U.C ലഭിച്ചിട്ടില്ല |
| 2 | കെ.എസ്.ഇ.ബി. കമുകിൻകോട് | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | - | 1273833 (1333382) | ലഭ്യമല്ല | ലഭ്യമല്ല, U.C ലഭിച്ചിട്ടില്ല |
| 3 | കേരള വാട്ടർ അതോറിറ്റി | | - | 453000 | ലഭ്യമല്ല | ലഭ്യമല്ല, U.C ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന പദ്ധതി | സ.ഉ (സാ) നം.275/2010 ത.സ്വ.ഭ.വ തീയതി 27.01.2010 | 13700000 | 3540555 | 1803557 | - | 1736998 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. /തീയതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-6 | 2006-07 | 3-1-1, | കൺവീനറുടെ / സ്വന്തം മണ്ണ് കൊണ്ട് നിറക്കുന്നതിന് പകരം അധിക നിരക്ക് | |

| | | | | | |
|---|---|---|---|---|---|
| | | | | നൽകി. | |
| | 3-5 | | 3-1-3 | മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങിയ ശേഷം പണി നടത്തിയില്ല. | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,04,34,976/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,74,59,956/- |
| വരവിനങ്ങളില്ലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളില്ലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 16,43,061/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം. | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 3-9 | 16,43,061/- | സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| ഇല്ല | | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി.6(എ)147/2000 തീയതി | | |
| 1998-99 | എൽ.എഫ്.റ്റി.ഡി. | | |
| 1999-00 | എൽ.എഫ്.റ്റി.ഡി. | | |
| 2000-01 | എൽ.എഫ്.റ്റി.ഡി.6(എ)320/2002 തീയതി 21.04.2002 | | |
| 2001-02 | എൽ.എഫ്.റ്റി.ഡി.3/288/2004 തീയതി 10.06.2004 | | |
| 2002-03 | എൽ.എഫ്.റ്റി.ഡി.3/61/2005 തീയതി 08.07.2006 | | |
| 2003-04 | എൽ.എഫ്.റ്റി.ഡി.3/1251/2007 തീയതി 08/07/2008 | | |
| 2004-05 | എൽ.എഫ്.റ്റി.ഡി.3/1779/2008 തീയതി 08/01/2009 | | |

| | | | |
|---|---|---|---|
| 2005-06 | എൽ.എഫ്.റ്റി.ഡി.3/801/2009 തീയതി 30.07.2009 | | |
| 2006-07 | എൽ.എഫ്.റ്റി.ഡി.3/802/2009 തീയതി 10.06.2004 | | |
| 2007-08 | എൽ.എഫ്.റ്റി.ഡി.3/12/2010 തീയതി 06.05.2010 | | |
| 2008-09 | എൽ.എഫ്.റ്റി.ഡി.3/313/2012 തീയതി 18.06.2012 | | |
| 2009-10 | എൽ.എഫ്.റ്റി.ഡി.3/314/2011 തീയതി 18.06.2012 | | |
| 2010-11 | എൽ.എഫ്.റ്റി.ഡി.3/311/13 തീയതി 25.04.2013/16.06.2013 | | |
| 2011-12 | എൽ.എഫ്.റ്റി.ഡി.3/1358/2013 തീയതി 15.11.2013 | | |
| 2012-13 | എൽ.എഫ്.റ്റി.ഡി.6(എ)ഡി.3/292/14 തീയതി 25.03.2014 | | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2405/2014 തീയതി 18.02.2015 | | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1075/16 തീയതി 18.07.2016 | | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2114/16 തീയതി 14.12.2016 | | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ അതിയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ്

കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഖണ്ഡിക 1(5)(എ) യിൽ പറഞ്ഞിട്ടുണ്ട്. ആയത് പരിഹരിക്കേണ്ടതാണ്.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. Stock in hand സംബന്ധിച്ച വിവരം വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.